


GOVERNMENT PRESS
SHORANUR

LAYING THE FOUNDATION STONE FOR

# STAFF QUARTERS

AND

INAUGURATION OF THE

# AUTOMATIC FLOWLINE FEEDER BINDING MACHINE

BY

**Shri K. T. GEORGE**
MINISTER FOR FINANCE

ON

18th MARCH 1972

# കേരള ഗവൺമെൻറ് പ്രസ്സസ്

## ഷോർണ്ണൂർ ഗവൺമെൻറ് പ്രസ് ജീവനക്കാർക്കുള്ള വസതിയുടെ ശിലാസ്ഥാപനവും

## ഓട്ടോമാററിക് ഫ്ളോലൈൻ ഫീഡർ ബയൻറിംഗ് മെഷീൻെറ ഉത്ഘാടനവും

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി

## ശ്രീ. കെ. ററി. ജോർജ്

**നിർവ്വഹിക്കുന്നു**

1972 മാർച്ച് 18



ശ്രീ. സി. അച്ചുതമേനോൻ

മുഖ്യമന്ത്രി



ശ്രീ. കെ. ററി. ജോർജ്
ധനകാര്യമന്ത്രി



ശ്രീമതി പത്മാ രാമചന്ദ്രൻ

വിദ്യാഭ്യാസ സെക്രട്ടറി



പി. കുരിയൻ ജോൺ
ഗവ. പ്രസ്സുകളുടെ സൂപ്രണ്ട്

# കേരളത്തിലെ മുദ്രണവകുപ്പ്
# വളർച്ചയുടെ പാതയിൽ

## ആമുഖം

1972 മാർച്ച് 18–ാം തീയതി മുദ്രണവകുപ്പ് അതിന്റെ വളർച്ചയുടെ പാതയിൽ സുപ്രധാനമായ ഒരു നാഴികക്കല്ലുകൂടി പിന്നിടുകയാണ്.

അന്നു മുദ്രണവകുപ്പിന്റെകൂടി ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട കേരളാ ധനകാര്യമന്ത്രി ഷൊർണ്ണൂരിൽ ഗവൺമെന്റ് പ്രസ് ജീവനക്കാർക്കു താമസിക്കുവാൻ വേണ്ടി പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ക്വാർട്ടേഴ്സിന്റെ തറക്കല്ലിടുന്നതാണ്. കേരളത്തിൽ മുദ്രണവകുപ്പിന്റെ കീഴിൽ ഏഴ് ഗവൺമെന്റ് പ്രസ്സുകൾ ഉണ്ടെങ്കിലും ജീവനക്കാർക്കു താമസിക്കാൻവേണ്ട ക്വാർട്ടേഴ്സ് ആദ്യമായി പണിയുന്നത് ഷൊർണ്ണൂർ പ്രസ്സിലാണ്. ഈ ക്വാർട്ടേഴ്സിന്റെ പണി പൂർത്തിയാകുന്നതോടെ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ് ജീവനക്കാരുടെ പാർപ്പിട ദാരിദ്ര്യമെന്ന പ്രശ്നത്തിനു പരിഹാരമുണ്ടാകുന്നതാണ്.

അന്നുതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ജർമ്മൻ ഡമോക്രാററിക് റിപ്പബ്ളിക്കിൽനിന്നും വാങ്ങിയ 'ഫ്ളോലയിൻ ഫീഡർ വയർ സ്ററിച്ചർ' എന്ന അത്യാധുനിക യന്ത്രത്തിന്റെ പ്രവർത്തനം ഉത്ഘാടനം ചെയ്യുന്നതാണ്. കൂടുതൽ പാഠപുസ്തകങ്ങൾ കുറഞ്ഞസമയത്ത് ബയൻറുചെയ്യാൻ

കഴിയുന്ന ഈ യന്ത്രം നിശ്ചിതസമയത്തിനു തന്നെ ആവശ്യമുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുകയെന്ന ശ്രമകരമായ ജോലിയെ ഒരു പരിധിയോളം ലഘൂകരിക്കുന്നതാണ്.

മുദ്രണവകുപ്പിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം മൗലികവും നിർണ്ണായകവുമായ ഫലങ്ങൾ ഉളവാക്കാൻ പോരുന്ന ഈ സംഭവങ്ങൾ നടക്കുന്ന അവസരത്തിൽ കേരളത്തിലെ ഗവൺമെന്റ് പ്രസ്സുകളെപ്പററി പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ സംക്ഷിപ്തമായി പ്രസ്താവിച്ചുകൊള്ളട്ടെ.

## അച്ചടി ആധുനിക ലോകത്തിൽ

ആധുനികലോകത്ത് അച്ചടിക്കുള്ള സ്ഥാനം എടുത്തുപറയേണ്ടതായിട്ടില്ല. വായിക്കാനറിയാവുന്നവരെല്ലാം അച്ചടിയുമായി ബന്ധപ്പെട്ടിരിക്കുന്നു. പത്രങ്ങൾ, പുസ്തകങ്ങൾ, നിയമങ്ങൾ, കരാറുകൾ തുടങ്ങി വിലപ്പെട്ട രേഖകൾ എല്ലാം തന്നെ അച്ചടിക്കപ്പെട്ടവയാണ്. മനുഷ്യന്റെ ചിന്തകൾ, വികാരങ്ങൾ എല്ലാം അച്ചടിയിലൂടെ അനശ്വരമാകുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അധിവസിക്കുന്ന വ്യത്യസ്ത വീക്ഷണങ്ങളും ചിന്താഗതികളും സംസ്ക്കാരങ്ങളുമുള്ള ജനങ്ങൾ അച്ചടിയിലൂടെ അന്യോന്യം അറിയുന്നു, അറിയിക്കുന്നു. സാഹിത്യം, സംസ്ക്കാരം, ശാസ്ത്രം, രാഷ്ട്രമീമാംസ തുടങ്ങിയവയെല്ലാം ലോകമെമ്പാടും പ്രചരിക്കുന്നത് അച്ചടിയിലൂടെയാണ്. മൺമറഞ്ഞ മഹാൻമാരുടെ ചിന്താരത്നങ്ങൾ സാഹിത്യ സാംസ്ക്കാരിക സംഭാവനകൾ എല്ലാം മായാതെ രേഖപ്പെടുത്തിയിരിക്കുന്നു അച്ചടിയിലൂടെ. അവ കാലദേശഭേദം കൂടാതെ എല്ലായിടത്തെ ജനങ്ങൾക്കും എല്ലാ തലമുറകൾക്കും വായിക്കാനും അറിയാനും സാധിക്കുന്നു. വിദ്യാഭ്യാസരംഗത്താകട്ടെ അച്ചടി വരുത്തിത്തീർത്ത പരിവർത്തനം വിസ്മയാവഹമാണ്. വിദ്യാഭ്യാസത്തിന് ഒരു സാർവ്വലൗകികമായ കാഴ്ചപ്പാട് ഉണ്ടാക്കാൻ അച്ചടി നൽകുന്ന സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്. 'അച്ചടി' വിദ്യാഭ്യാസത്തിന്റെ മാതാവാണെന്ന് ഒരു പഴഞ്ചൊല്ലുണ്ട്. ഇപ്പോൾ എവിടെനോക്കിയാലും അച്ചടിച്ച എന്തെങ്കിലും കാണാം. അതുകൊണ്ട് അച്ചടി മനുഷ്യസംസ്ക്കാരത്തിൽ വരുത്തിത്തീർത്ത അതിവിപ്ലവകരമായ മാററങ്ങൾ എന്തെല്ലാമെന്ന് ഒററയാലോചനയിൽ കണ്ടെത്തിയെന്നു വരില്ല. പണ്ടു പനയോലയിൽ നാരായ

മുനകൊണ്ട് എഴുതി വിലപ്പെട്ട രേഖകൾ സൂക്ഷിക്കാൻ പാടുപെട്ടമനുഷ്യൻ അച്ചടിയില്ലാത്തതിൻെറ വിഷമത മനസ്സിലാക്കിയിരിക്കണം. ഇന്നു മണിക്കൂറിൽ ആയിരക്കണക്കിനു പ്രതികൾ അച്ചടിക്കാവുന്ന വിവിധതരം യന്ത്രങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. ഉൽപ്പാദനരംഗത്തെ വേഗതയിൽ മാത്രമല്ല അച്ചടിയുടെ രീതിയിലും നിർവ്വഹണത്തിലും തന്നെ അത്യാകർഷകമായ മാററങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ദിനപ്പത്രങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും അതിവിപുലമായ പ്രചാരം അച്ചടിയെ ശക്തമായ ഒരു പ്രചരണ മാദ്ധ്യമമാക്കി മാററിയിരിക്കുന്നു. ഗവൺമെൻറുകളെ സംബന്ധിച്ചാകട്ടെ ദൈനംദിന ഭരണത്തിനുപോലും അച്ചടിച്ച ഫാറങ്ങളും രജിസ്ററുകളും നിയമപുസ്തകങ്ങളും എല്ലാം തന്നെ ഒരു തരത്തിലും ഒഴിവാക്കാനാവാത്തതുമാണ്. ഇത്തരുണത്തിലാണ് ഗവൺമെൻറു പ്രസ്സുകളുടെ സേവനം ഓർമ്മിക്കപ്പെടേണ്ടത്.

## അച്ചടിയും ഭരണവും

ഒരു വികസ്വര രാജ്യമായ ഭാരതത്തിൻെറ മുഖഛായ അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ദ്രുതഗതിയിലുള്ള ഈ മാററങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്ന ഭരണയന്ത്രത്തിൻെറ സുഗമമായ പ്രവർത്തനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ് അച്ചടി. ഭരണയന്ത്രത്തെ സുനിശ്ചിതമായി നയിക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ മുതലായവ, ഭരണസംവിധാനത്തിനു അടുക്കും ചിട്ടയും ക്രമീകരണവും നൽകുന്ന ഫാറങ്ങൾ രജിസ്ററുകൾ തുടങ്ങിയവ, ഭരണത്തെ ജനങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രചരണോപാധികൾ എല്ലാംതന്നെ അച്ചടിക്കപ്പെട്ടവയാണ്. ഭരണസംബന്ധമായ ജോലികൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അച്ചടി നൽകുന്ന സേവനങ്ങൾ കുറച്ചൊന്നുമല്ല. ഗവൺമെൻറിൻെറ ഈ അച്ചടി ആവശ്യങ്ങൾ നിറവേററാൻ വേണ്ടിയാണ് എല്ലാ സംസ്ഥാനഗവൺമെൻറുകളും സ്വന്തമായി പ്രസ്സുകൾ സ്ഥാപിച്ചിട്ടുള്ളത്.

## ഗവൺമെൻറ് പ്രസ്സുകളുടെ പ്രാധാന്യം

സാക്ഷരതാശതമാനം വളരെ ഉയർന്നിട്ടുള്ള കേരളത്തിലാകട്ടെ ഗവൺമെൻറ് പ്രസ്സുകളുടെ പ്രാധാന്യവും വിദ്യാഭ്യാസരംഗത്തും ഭരണരംഗത്തും അവ നൽകുന്ന

സേവനങ്ങളും താരതമ്യേന വിപുലമാണ്. ഏററവും ഒടുവിലത്തെ കണക്കനുസരിച്ച് കേരളത്തിലെ വിദ്യാർത്ഥികൾക്കാവശ്യമുള്ള 150 ലക്ഷം പാഠപുസ്തകങ്ങൾ പ്രതിവർഷം അച്ചടിക്കേണ്ടതായുണ്ട്.

ഡിപ്പാർട്ടുമെൻറുകളെക്കൂടാതെ കാർപ്പറേഷനുകൾ, മുനിസിപ്പാലിററികൾ, പഞ്ചായത്തുകൾ, ബോർഡുകൾ എയിഡഡ് സ്ക്കൂളുകൾ തുടങ്ങി ഫാറങ്ങൾ, രജിസ്ററുകൾ, ലഘുലേഖകൾ, ഭരണറിപ്പോർട്ടുകൾ മുതലായവ കൃത്യസമയത്ത് അച്ചടിച്ചുകൊടുക്കേണ്ട സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും എണ്ണം നിരവധിയാണ്. കേരളനിയമസഭയുടെ വിവിധവും വിപുലവുമായ എല്ലാ അച്ചടി ആവശ്യങ്ങളും കൃത്യസമയത്തുതന്നെ ചെയ്തുകൊടുക്കേണ്ട ഉത്തരവാദിത്വവും ഗവൺമെൻറ് പ്രസ്സുകൾക്കാണ്. ഔദ്യോഗികമായി നോക്കുമ്പോൾ പരമപ്രധാനമായ ഗസററ് തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിൽനിന്നുമാണ് അച്ചടിച്ചു വിതരണം ചെയ്യുന്നത്. നിയമങ്ങളും ചട്ടങ്ങളും ഉൾപ്പെടെ കേരളാഗവൺമെൻറിൻെറ എല്ലാ പ്രസിദ്ധീകരണങ്ങളും ഉദ്യോഗനിയമനങ്ങൾക്ക് അപേക്ഷിക്കാൻ ആവശ്യമായ പി. എസ്. സി. ഫാറങ്ങളും ഗവൺമെൻറ് പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അച്ചടിക്കേണ്ട ചുമതല ഗവൺമെൻറ് പ്രസ്സുകൾക്കാണ്. ഗവൺമെൻറ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഇനി ആരംഭിക്കാനിരിക്കുന്നതുമായ എല്ലാ പദ്ധതികൾക്കും അവശ്യം വേണ്ട പ്രചരണോപാധികൾ അച്ചടിച്ചു കൊടുക്കുന്നതും ഗവൺമെൻറു പ്രസ്സുകളാണ്. കേന്ദ്രഗവൺമെൻറിന് ആവശ്യമുള്ള ചില ഫാറങ്ങളും കേരളാഗവൺമെൻറ് പ്രസ്സുകളിൽ അച്ചടിച്ചുകൊടുക്കുന്നുണ്ട്. ചുരുക്കത്തിൽ ഗവൺമെൻറ് മെഷിനറിയുടെ ത്വരിതഗമനത്തിന് അവശ്യം വേണ്ട അച്ചടിയുടെ സിംഹഭാഗവും ഗവൺമെൻറ് പ്രസ്സുകളിൽത്തന്നെയാണ് നിർവ്വഹിക്കേണ്ടത്.

അതിവിപുലമായ ഈ അച്ചടിആവശ്യങ്ങൾ നിർവ്വഹിക്കുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം മുദ്രണവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഏഴു ഗവൺമെൻറ് പ്രസ്സുകളിലായിട്ടാണ്. ഈ ഏഴുപ്രസ്സുകളുടെയും വികാസപരിണാമങ്ങളുടേയും, ഇവിടെ നടന്നുകൊണ്ടിരിക്കുന്ന അച്ചടിജോലികളുടേയും ഒരു ചെറിയ വിവരണം ഈ സന്ദർഭത്തിൽ സംഗതമായിരിക്കുമല്ലൊ.

## ഗവൺമെൻറ് സെൻട്രൽ പ്രസ്, തിരുവനന്തപുരം

ഒരു പ്രശസ്ത സംഗീതജ്ഞനും കലാഭിജ്ഞനുമെന്ന നിലയിൽ തിരുവിതാംകൂറിൻെറ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള സ്വാതിതിരുനാൾ മഹാരാജാവായിരുന്നു ക്രിസ്തബ്ദം 1836–ൽ തിരുവനന്തപുരത്ത് ആദ്യമായി ഒരു സർക്കാർ അച്ചുക്കൂടം സ്ഥാപിച്ചത്. അന്ന് ആലപ്പുഴയിലെ ബ്രിട്ടീഷ് വ്യാവസായിക ഏജൻറായിരുന്ന മി. ജോൺ കാൽഡെക്കോട്ട് എന്ന ഇംഗ്ലീഷുകാരനാണ് അച്ചുക്കൂടം സ്ഥാപനത്തിനാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ ഗവൺമെൻറിനു നൽകിയത്. സംസ്ഥാന പഞ്ചാംഗം മുദ്രണം ചെയ്യുകയെന്ന പരിമിതമായ ആവശ്യത്തിനുവേണ്ടിയാണ് ആദ്യം ഈ പ്രസ് ആരംഭിച്ചത്. ക്രിസ്തബ്ദം 1838–ൽ ആദ്യത്തെ പഞ്ചാംഗം തിരുവനന്തപുരം ഗവൺമെൻറുപ്രസ്സിൽ മുദ്രണം ചെയ്യപ്പെട്ടു. അതിനുശേഷം ചരിത്രം തിരുത്തിക്കുറിച്ച 135 വർഷങ്ങൾ കടന്നു പോയിരിക്കുന്നു. ഈ വർഷങ്ങൾ തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിനെ സംബന്ധിച്ചിടത്തോളം വളർച്ചയുടേയും, വികാസത്തിൻേറയും മൗലികമായ പരിവർത്തനങ്ങളുടേയും സംഭവബഹുലമായ കാലഘട്ടമായിരുന്നു. സംസ്ഥാനത്തിൻെറ ബഹുമുഖമായ വളർച്ചയോടൊപ്പം ഗവൺമെൻറിൻെറ അച്ചടി ആവശ്യങ്ങൾ വർദ്ധിക്കുകയും തലസ്ഥാന നഗരിയിൽ സ്ഥിതിചെയ്യുന്ന ഗവൺമെൻറ് പ്രസ് അതിനനുസരണമായി വളർന്ന് ഒരു വലിയ അച്ചടിശാലയായി രൂപാന്തരപ്പെടുകയും ചെയ്തു. ഇന്നു തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ് മുദ്രണവകുപ്പിൻെറ കീഴിലുള്ള ഏററവും വലിയ സ്ഥാപനമാണ്. സംസ്ഥാനത്തിൻെറ അച്ചടി ആവശ്യങ്ങളുടെ ഏറിയപങ്കും നടത്തിപ്പോരുന്ന ഈ പ്രസ്സിൽ രണ്ടു ഷിഫ്ററുകളിലായി ആയിരത്തിലേറെ ജീവനക്കാർ ജോലിചെയ്യുന്നു. ലക്ഷക്കണക്കിനു രൂപവിലപിടിപ്പുള്ള ആധുനികയന്ത്രസാമഗ്രികളും മററുപകരണങ്ങളും ഉള്ള ഈ പ്രസ്സിൽ ആഴ്ചതോറും പ്രസിദ്ധീകരിക്കുന്ന കേരളാഗവൺമെൻറ് ഗസററ്, പി. എസ്. സി. ഫാറങ്ങൾ, നിയമങ്ങളും ചട്ടങ്ങളും, ഭരണറിപ്പോർട്ടുകൾ, ഓർഡിനൻസുകൾ, നോട്ടിഫിക്കേഷനുകൾ കേരള നിയമസഭയ്ക്കാവശ്യമുള്ള രേഖകൾ, ബഡ്ജററ്, ബാലററ് പേപ്പറുകൾ, തെരഞ്ഞെടുപ്പിനാവശ്യമായ മററു ഫാറങ്ങൾ, പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിനാവശ്യമായ പ്രചരണോപാധികൾ തുടങ്ങിയവ മുദ്രണം ചെയ്യുന്നു. കൂടാതെ 'ജനപഥം' എന്ന ഒരു ഗവൺമെൻറ് പ്രസിദ്ധീകരണവും, കേരളത്തിൻെറ സാമ്പത്തിക

സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്ന 'ബ്യൂറോ ആഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്' വകുപ്പിൻെറ ആനുകാലിക പ്രസിദ്ധീകരണങ്ങളും, മലയാള മഹാനിഘണ്ടുവും തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിലാണ് അച്ചടിക്കുന്നത്.

വിവിധ ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമുള്ള ലക്ഷക്കണക്കിനു ഫാറങ്ങൾ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്തുള്ള ഫാറം സ്റ്റോറിൽ സ്റ്റോക്കുചെയ്ത് നിയമാനുസരണം വിതരണം നടത്തുന്നുണ്ട്.

തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽപ്രസ്സിൽ ഉള്ള പബ്ളിക്കേഷൻ സ്റ്റോറിൽ 10 ലക്ഷം രൂപയിൽക്കൂടുതൽ വിലയുള്ള പുസ്തകങ്ങൾ സ്റ്റോക്കു ചെയ്തിട്ടുണ്ട്. ഇതിൽ ആക്റ്റുകൾ, ആർഡിനൻസുകൾ, ബില്ലുകൾ, നിയമങ്ങൾ, ചട്ടങ്ങൾ, കോഡുകൾ, മാനുവൽ, കേരളനിയമസഭാനടപടികൾ, ചില കേന്ദ്രഗവൺമെൻറ് പ്രസിദ്ധീകരണങ്ങൾ, അവാർഡുകൾ, സംസ്കൃതത്തിലും മലയാളത്തിലുമുള്ള ചില അപൂർവ്വഗ്രന്ഥങ്ങൾ, പൊതുതാൽപ്പര്യമുള്ള പ്രസിദ്ധീകരണങ്ങൾ, മറ്റുപലവക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു. കൂടതെ സർവ്വീസ് ബുക്ക്, പ്രോവിഡൻറ് ഫണ്ട് പാസ്ബുക്ക് എന്നിവയും ഈ സ്റ്റോറിൽ സ്റ്റോക്കു ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ പ്രസിദ്ധീകരണങ്ങളെല്ലാം പൊതുജനങ്ങൾക്കു വാങ്ങാൻ വേണ്ട സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം പ്രസ്സിൽ ഗവൺമെൻറ് ഗസറ്റിനുള്ള വരിസംഖ്യ അടയ്ക്കാനും, ഗസറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നോട്ടിഫിക്കേഷനുകളും, പരസ്യങ്ങളും സ്വീകരിക്കാനുമുള്ള ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ട്.

സ്ഥലസൗകര്യങ്ങളുടെ പരിമിതി തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൻെറ ഒരു വിഷമപ്രശ്നമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് മണ്ണന്തലയിൽ ഒരു പുതിയ പ്രസ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് ഗവൺമെൻറ് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുവേണ്ടി 25 ഏക്കർ സ്ഥലം അക്വയർചെയ്തു കഴിഞ്ഞു. പ്രസ് കെട്ടിടം നിർമ്മിക്കാനാവശ്യമായ മറ്റു നടപടികൾ സമീപഭാവിയിൽത്തന്നെ ആരംഭിക്കുന്നതാണ്.

## സെൻട്രൽ ജയിൽ പ്രസ്, തിരുവനന്തപുരം

തിരുവനന്തപുരം സെൻട്രൽ ജയിൽ വളപ്പിനകത്തു സ്ഥാപിച്ചിട്ടുള്ള ഈ പ്രസ്സിൽ തടവുകാർക്ക് അച്ചടിസംബന്ധമായ സാങ്കേതിക പരിശീലനം നൽകി അവരെക്കൊണ്ടുതന്നെ ജോലിചെയ്യിക്കുന്നു. ഈ ജോലിക്ക് അവർക്ക് നിശ്ചിത നിരക്കിൽ വേതനവും കൊടുക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ തടവുകാർക്ക് അച്ചടി സംബന്ധമായ ജോലികളിൽ പരിശീലനം സിദ്ധിക്കുന്നതുകൊണ്ട് ജയിൽ വിമോചന ത്തിനുശേഷം ഇത് അവർക്കൊരു ജീവിതമാർഗ്ഗമായി ഉപകരിക്കുകയും ചെയ്യുന്നു. ഈ പ്രസ്സിൽ ഡിപ്പാർട്ടുമെൻറുകൾക്ക് ആവശ്യമായ പല ഫാറങ്ങളും തടവുകാരെ ക്കൊണ്ട് അച്ചടിപ്പിക്കുന്നുണ്ട്.

## ബാലമന്ദിർ പ്രസ്, തിരുവനന്തപുരം

തിരുവനന്തപുരം സെൻട്രൽ ജയിൽപ്രസ്സിൻെറ ഘടകമെന്നനിലയിൽ ബാല മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്ന ഈ പ്രസ്സിൽ പ്രായപൂർത്തിയാകുന്നതിനുമുമ്പ് തടവുശിക്ഷയനുഭവിക്കേണ്ടിവരുന്ന കുട്ടികൾക്ക് അച്ചടിസംബന്ധമായ സാങ്കേതിക പരിശീലനം നൽകുന്നു. ഈ കുട്ടികളുടെ സേവനം ഉപയോഗിച്ച് ഇവിടെ ചെറിയ തോതിൽ ഫാറങ്ങളും മററും അച്ചടിക്കുന്നുണ്ട്. നിർഭാഗ്യവാൻമാരായ കുട്ടി കളുടെ മന:സംസ്ക്കരണത്തിലൂടെയും ജയിൽ മോചനത്തിനുശേഷം ജീവിതായോധന ത്തിനുവേണ്ട ഒരു തൊഴിൽ പഠിപ്പിച്ചുകൊടുക്കുന്നതിലൂടെയും ബാലമന്ദിർ പ്രസ് മഹത്തായ ഒരു സേവനമാണു ചെയ്തുകൊണ്ടിരിക്കുന്നത്.

## സ്ററാമ്പ് മാനുഫാക്ചറി, തിരുവനന്തപുരം

ഒരു കാലത്ത് കമ്മട്ടമായും, പിന്നെ സ്ററാമ്പുകളുടേയും മുദ്രപ്പത്രങ്ങളുടേയും അച്ചടിക്കുമാത്രമായും ഉപയോഗിച്ചുകൊണ്ടിരുന്ന ഈ സ്ഥാപനം സ്ററാമ്പി ൻേറയും മുദ്രപ്പത്രങ്ങളുടേയും അച്ചടി കേന്ദ്രഗവൺമെൻറിൻെറ നാസ്സിക്കിലുള്ള പ്രസ്സിലേക്കു മാററിയതിനെത്തുടർന്ന് 1964 മുതൽ മുദ്രണവകുപ്പിൻെറ കീഴിൽ പ്രവർത്തിച്ചു വരുകയാണ്. ഇവിടെ തിരുവനന്തപുരം സെൻട്രൽ സ്ററാമ്പ്

ഡിപ്പോയുടെ നിർദ്ദേശാനുസരണം മുദ്രയും മുദ്രപ്പത്രങ്ങളും അച്ചടിക്കുന്നതുകൂടാതെ പാഠപുസ്തകങ്ങൾ ട്രാൻസ്പോർട്ട് ടിക്കററ്, ഗവൺമെൻറ് പരീക്ഷകൾക്കുള്ള ഉത്തരക്കടലാസ്, കാമൺ ഫാറങ്ങൾ, ററി. ആർ. ഫാറങ്ങൾ, സെക്രട്ടേറിയററ് ഫാറങ്ങൾ എന്നിവയും അച്ചടിക്കുന്നുണ്ട്. ഇപ്പോൾ ഒരു ഷിഫ്ററുമാത്രമുള്ള ഈ പ്രസ്സിൽ മറെറാരു ഷിഫ്ററു കൂടി തുടങ്ങാൻ ഗവൺമെൻറ് ഉത്തരവുപുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ ഷിഫ്ററ് കൂടിത്തുടങ്ങുന്നതോടെ ഈ പ്രസ് വളരെയേറെ വികസിക്കും.

## ഗവൺമെൻറ് പ്രസ്, എറണാകുളം

ഒന്നേകാൽ നൂററാണ്ടിനു മുമ്പ് മുൻകൊച്ചി സംസ്ഥാനത്ത് ഗവൺമെൻറ് പഞ്ചാംഗം അച്ചടിക്കാൻവേണ്ടി സ്ഥാപിതമായതാണ് എറണാകുളം ഗവൺമെൻറ് പ്രസ്. കൊച്ചി സംസ്ഥാന ദിവാൻജിയായിരുന്ന സർ ആർ. കെ. ഷൺമുഖം ചെട്ടിയുടെ കാലത്ത് പല പരിഷ്ക്കാരങ്ങളും വരുത്തി ഈ പ്രസ്സിനെ വികസിപ്പിക്കുകയുണ്ടായി. തിരുവിതാംകൂർ—കൊച്ചിസംയോജനത്തേയും കേരളസംസ്ഥാനരൂപീകരണത്തേയും തുടർന്ന് സർക്കാരിൻെറ അച്ചടി ആവശ്യങ്ങൾ വർദ്ധിച്ചപ്പോൾ ഈ പ്രസ്സിൽ കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തേണ്ടത് ആവശ്യമായിത്തീർന്നു. അതനുസരിച്ച് കൂടുതൽ അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കുകയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. ഇപ്പോൾ രണ്ടു ഷിഫ്ററുകളിലായി 300 ലേറെ ജീവനക്കാർ ഇവിടെ ജോലിചെയ്തുവരുന്നു. ഭരണറിപ്പോർട്ടുകൾ, പാഠപുസ്തകങ്ങൾ, എല്ലാ ഡിപ്പാർട്ടുമെൻറുകൾക്കും ആവശ്യമുള്ള കാമൺ, ററി. ആർ. എന്നീ വിഭാഗങ്ങളിൽപ്പെടുന്ന ഫാറങ്ങൾ, ഹൈക്കോടതിക്കാവശ്യമുള്ള ഫാറങ്ങൾ തുടങ്ങിയവ ഇവിടെ അച്ചടിക്കുന്നു. തിരുവനന്തപുരം ഗവൺമെൻറ് സെൻട്രൽ പ്രസ്സിലെപ്പോലെ തന്നെ ഗവൺമെൻറ് പ്രസിദ്ധീകരണങ്ങൾ സ്റേറാക്കുചെയ്തു വിൽക്കുന്ന ഒരു പബ്ളിക്കേഷൻ സ്റേറാറും, വിവിധ ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമുള്ള ഫാറങ്ങൾ വിതരണം ചെയ്യുന്ന ഒരു ഫാറം സ്റേറാറും ഈ പ്രസ്സിലുണ്ട്.

സ്ഥല സൗകര്യങ്ങളുടെ അപര്യാപ്തത ഈ പ്രസ്സിൻെറ വികസനത്തേയും സാരമായി ബാധിക്കുന്നുണ്ട്. ഈ പ്രയാസം പരിഹരിക്കുന്നതിനുവേണ്ടി എറണാകുളം ഗവൺമെൻറു പ്രസ് കൂടുതൽ സ്ഥലസൗകര്യമുള്ളിടത്തേക്ക് മാററണമെന്ന് ഗവൺമെൻറ് തീരുമാനിച്ചതിൻെറ ഫലമായി തൃക്കാക്കര അതിനുവേണ്ട സ്ഥലം

എടുക്കുകയും ആധുനികരീതിയിലുള്ള ഒരു പ്രസ്സ് കെട്ടിടം സ്ഥാപിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ പണി ഉടനെ ആരംഭിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുവരുന്നു.

## ഗവൺമെന്റ് പ്രസ്, ഷൊർണ്ണൂർ

കേരളസംസ്ഥാന രൂപീകരണത്തിനുശേഷം ഗവൺമെന്റിന്റെ അച്ചടിആവശ്യങ്ങൾ പ്രത്യേകിച്ചും പാഠപുസ്തകങ്ങളുടേത് വർദ്ധിക്കുകയും നിലവിലുള്ള പ്രസ്സുകളെക്കൊണ്ട് വർദ്ധിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കഴിയാതെ വരുകയും ചെയ്ത അവസരത്തിലാണ് 1960 നവംബർ 14-ാം തീയതി ഷൊർണ്ണൂരിൽ ഒരു പുതിയ ഗവൺമെന്റ് പ്രസ് ഉത്ഘാടനം ചെയ്തത്. 1971 മേയ് മാസം മുതൽ ഈ പ്രസ്സിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിൽ വരുത്തി. രണ്ടു ഷിഫ്റ്റുകളിലായി 330 ജീവനക്കാർ ഇവിടെ ജോലിചെയ്തുവരുന്നു. ഈ പ്രസ്സിൽ പ്രധാനമായും ഇംഗ്ലീഷ്, മലയാളം, ഹിന്ദി, അറബി എന്നീ ഭാഷകളിലുള്ള പാഠപുസ്തകങ്ങളാണ് അച്ചടിക്കുന്നത്. കൂടാതെ എസ്. എസ്. എൽ. സി. ബുക്ക്, ആൻസർ ബുക്ക്, കോഴിക്കോടു മെഡിക്കൽ കോളേജിലേക്ക് ആവശ്യമുള്ള ഫാറങ്ങൾ, രജിസ്റ്ററുകൾ മുതലായവയും ഈ പ്രസ്സിലാണ് അച്ചടിക്കുന്നത്. സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലേക്കാവശ്യമായ കാളേജ് കലണ്ടറുകൾ, അപേക്ഷാഫാറങ്ങൾ, പ്രോസ്പെക്റ്റസ് എന്നിവയും അച്ചടിച്ചു വിതരണം ചെയ്യുന്നത് ഷൊർണ്ണൂർ ഗവൺമെന്റു പ്രസ്സിൽ നിന്നാണ്.

സ്ക്കൂളുകളിലും കോളേജുകളിലും പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ അവരുടെ പഠനത്തിന് ആവശ്യമുള്ള ലക്ഷക്കണക്കിനു പാഠപുസ്തകങ്ങൾ പരിമിതമായ സമയത്തിനുള്ളിൽ അച്ചടിച്ചു നിശ്ചിതസമയത്തു തന്നെ വിതരണം ചെയ്യുകയെന്നത് അത്യന്തം ശ്രമകരമായ ഒരു ജോലിയാണ്. ഇക്കാര്യത്തിൽ ഭാഗികമായിട്ടാണെങ്കിലും സ്വകാര്യപ്രസ്സുകളെ ഇപ്പോൾ ആശ്രയിക്കേണ്ടിവരുന്നുണ്ട്. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ പാഠപുസ്തകങ്ങൾ അച്ചടിച്ചു തയ്യാറാക്കാൻ തക്ക ആധുനിക യന്ത്ര സജ്ജീകരണങ്ങൾ ഷൊർണ്ണൂർ ഗവൺമെന്റു പ്രസ്സിൽ സ്ഥാപിച്ചു

കൊണ്ടിരിക്കുന്നു. പല അച്ചടിയന്ത്രങ്ങളും ഇതിനകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ഷൊർണ്ണൂർ പ്രസ്സിൽ 1972 മാർച്ച് 18–ാം തീയതി ഉത്ഘാടനം ചെയ്യുന്ന 'ഫ്ളോലയിൻ ഫീഡർവയർ സ്ററിച്ചർ' പാഠപുസ്തകങ്ങൾ ബയൻറു ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായ പരിവർത്തനം കുറിക്കുന്ന ഒരു ആധുനിക യന്ത്രമാണ്. ഈ യന്ത്രത്തിന് മണിക്കൂറിൽ 160 പേജുകളുള്ള നാലായിരത്തിലധികം പുസ്തകങ്ങൾ ബയൻറുചെയ്യാൻ കഴിയും. നിശ്ചിത 'സ്റേറഷനു'കളിൽ വയ്ക്കുന്ന അച്ചടിച്ച ഫാറങ്ങളെ യന്ത്രം തന്നെ ക്രമമായി അടുക്കി, കമ്പികൊണ്ടു തയ്ച്ച് മൂന്നു ഭാഗങ്ങളും കൃത്യമായി മുറിച്ച് ഒരു പ്രത്യേക ഭാഗത്തു നിക്ഷേപിക്കുന്നു. പാഠപുസ്തകങ്ങളുടെ ബയൻറിംഗിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനുള്ള മാർഗ്ഗത്തിൽ സുപ്രധാനമായ ഒരു ചുവടുവയ്പാണ് ഈ യന്ത്രത്തിൻെറ ഉത്ഘാടനം. അതുപോലെതന്നെ ഷൊർണ്ണൂർ പ്രസ്സിൽ മെക്കാനിക്കൽ കമ്പോസിംഗ് ഏർപ്പെടുത്താനുള്ള ഒരു പദ്ധതിയും പരിഗണനയിലുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടി ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജർമ്മൻ ഡെമോക്രാററിക്ക് റിപ്പബ്ളിക് വാഗ്ദാനം ചെയ്തിട്ടുള്ളകളർ പ്രിൻറിംഗ് ഉൾപ്പെടെ എല്ലാ അച്ചടിജോലികളും ചെയ്യാവുന്ന പൂർണ്ണതോതിലുള്ള ഒരു പ്രസ്സ് സ്ഥാപിക്കുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. ഈ നടപടികൾ എല്ലാം സ്വീകരിക്കുന്നതോടെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്ന കാര്യത്തിൽ നാം സ്വയംപര്യാപ്തരായിത്തീരുന്നതാണ്.

330 ജീവനക്കാർ ജോലിചെയ്യുന്ന ഷൊർണ്ണൂർ ഗവൺമെൻറു പ്രസ്സിലെ ഒരു വലിയ വിഭാഗം തദ്ദേശവാസികളല്ല. സ്വദേശികളല്ലാത്ത ജീവനക്കാർക്ക് താമസിക്കാൻ ആവശ്യമായ വാടകക്കെട്ടിടങ്ങൾ ഷൊർണ്ണൂരിൽ തുലോം പരിമിതമാണ്. ഈ വിഷമസ്ഥിതിക്ക് ഒരു പരിഹാരം കാണുന്ന പ്രശ്നം പ്രസ്സിൻെറ സ്ഥാപനം മുതൽ തന്നെ ഗവൺമെൻറിൻെറ പരിഗണനയിൽ ഇരിക്കുകയായിരുന്നു. ജീവനക്കാർക്കു താമസിക്കാനാവശ്യമായ ക്വാർട്ടേഴ്സ് പണിയുന്നതിനു പത്തേക്കറോളം സ്ഥലം അക്വയർ ചെയ്തിരുന്നെങ്കിലും അതിൻെറ നിർമ്മാണപ്രവർത്തനങ്ങളുടെ തുടക്കം കുറിക്കാൻ ഇപ്പോൾ മാത്രമാണ് കഴിഞ്ഞത്. 21 ലക്ഷം രൂപ ചെലവു ചെയ്ത് 150 കുടുംബങ്ങൾക്കു താമസിക്കാൻ സൗകര്യങ്ങളോടു കൂടിയ ക്വാർട്ടേഴ്സ് പണിയുക എന്ന ബൃഹത്തായ ഒരു പദ്ധതിയുടെ ആദ്യഘട്ടമാണ് ഇപ്പോൾ

ആരംഭിക്കുന്നത്. ഈ കാർട്രേഴ്സിന്റെ പണിപൂർത്തിയാകുന്നതോടെ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ് ജീവനക്കാരുടെ ഒരു ചിരകാലസ്വപ്നം സാക്ഷാത്കരിക്കുന്നതാണ്.

## സെൻട്രൽ ജയിൽ പ്രസ്, കണ്ണൂർ

തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഉള്ളതുപോലെ കണ്ണൂർ സെൻട്രൽ ജയിലിലും ഒരു പ്രസ് സ്ഥാപിക്കണമെന്നു ഗവൺമെന്റ് തീരുമാനിച്ചതിന്റെ ഫലമായി 1968 ഒക്ടോബർ 8-ാം തീയതി, അന്നു മുദ്രണവകുപ്പിന്റെ കൂടി ചാർജു വഹിച്ചിരുന്ന ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി ശ്രീ. ടി. കെ. ദിവാകരൻ കണ്ണൂർ സെൻട്രൽ ജയിൽ പ്രസ് ഉത്ഘാടനം ചെയ്തു. തിരുവനന്തപുരം ബാലമന്ദിർ പ്രസ്സിൽ ചെയ്യുന്നതുപോലെ കണ്ണൂർ ജയിലിലുള്ള പ്രായപൂർത്തിയാകാത്ത തടവുകാരായ എൺപതോളം കുട്ടികൾക്കു കമ്പോസിംഗ്, പ്രിന്റിംഗ്, ബയന്റിംഗ് എന്നിങ്ങനെ അച്ചടിസംബന്ധമായ വിഷയങ്ങളിൽ കാര്യക്ഷമമായ പരിശീലനം നൽകിവരുന്നു. കുട്ടികളായ തടവുകാർക്ക് ഒരു സാങ്കേതികവിദ്യ അഭ്യസിക്കുന്നതിനും അതുവഴി സമൂഹത്തിൽ ഒരു തൊഴിൽ കണ്ടെത്തുന്നതിനും ഈ സ്ഥാപനം സഹായിക്കുന്നു. ഇവിടെ ഇംഗ്ലീഷ്, മലയാളം, കർണ്ണാടകം എന്നീ ഭാഷകളിലുള്ള കണ്ണൂർ ജില്ലാഗസററ്, പോലീസ് ഗസററ്, ജില്ലാ പോലീസ് സൂപ്രണ്ടിന്റെ 'കുററാവർത്തന റിക്കാർഡ്', ജയിൽ വിമോചിതരുടെ ലിസ്ററ് എന്നിവ കൂടാതെ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയ്ക്കാവശ്യമായ കാമൺ, ററി. ആർ., കെ. എഫ്. സി. എന്നീ ഫാറങ്ങളും കർണ്ണാടക ഭാഷയിലുള്ള ചില പാഠപുസ്തകങ്ങൾ, നിയമങ്ങൾ, എന്നിവയും മുദ്രണം ചെയ്യുന്നുണ്ട്.

ജയിൽ വളപ്പിനുള്ളിൽ സ്ഥിതിചെയ്യുന്ന ഈ പ്രസ്സിൽ സ്ഥലസൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. അതിനാൽ ജയിലിനു പുറത്ത് അഞ്ചുലക്ഷം രൂപ ചെലവുചെയ്ത് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് ഈ പ്രസ് അങ്ങോട്ടു മാററാനും ഒരു ന്യൂനപക്ഷഭാഷയായ കർണ്ണാടകത്തിൽ അച്ചടിക്കേണ്ട എല്ലാ പാഠപുസ്തകങ്ങളും അവിടെ അച്ചടിക്കാനുമുള്ള ഒരു പദ്ധതി ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

## ഹാൻഡ്മെയ്ഡ് പേപ്പർ യൂണിററുകൾ

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ ജയിലുകളിൽ ഖാദിബോർഡിൻെറ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവന്നിരുന്ന ഹാൻഡ്മെയ്ഡ് പേപ്പർ യൂണിററുകൾ കഴിഞ്ഞ കുറേവർഷങ്ങളായി മുദ്രണവകുപ്പിൻെറ കീഴിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരികയാണ്. ഇവിടെ ഗവൺമെൻറാവശ്യത്തിനുള്ള ഫയൽ ബോർഡുകളും ബയൻറിംഗിനാവശ്യമായ ബോർഡുകളും പേപ്പറുകളും നിർമ്മിച്ചുവരുന്നു.

## ഫാറം സ്റേറാർ, കോഴിക്കോട്


കേരളത്തിൻെറ വടക്കൻ ജില്ലകൾക്കാവശ്യമായ ഫാറങ്ങൾ സ്റേറാക്കുചെയ്ത് വിതരണം ചെയ്യുന്നതിന് കോഴിക്കോട്ട് ഒരു ഫാറം സ്റേറാർ സ്ഥാപിക്കുവാൻ ഗവൺമെൻറ് തീരുമാനമെടുത്തെങ്കിലും, അതിനാവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് സ്റേറാർ ഇതുവരെയും പ്രവർത്തനമാരംഭിച്ചിട്ടില്ല. കോഴിക്കോടു സിവിൽ സ്റേറഷൻെറ പണിപൂർത്തിയാകുന്നതോടെ അവിടെ ഈ സ്റേറാർ പ്രവർത്തനമാരംഭിക്കുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

## ഉപസംഹാരം


മുദ്രണവകുപ്പിൻെറ ചരിത്രം, ഘടന, പ്രവർത്തനം എന്നിവയെപ്പററിയുള്ള ഒരു സംക്ഷിപ്തവിവരണമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഏതാണ്ട് രണ്ടായിരത്തോളം ജീവനക്കാരും, ഒരു കോടിയോളം രൂപ വാർഷിക ചെലവും കൊണ്ട് ഗവൺമെൻറിന് അതിപ്രധാനമായ സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഈ വകുപ്പ് ഇനിയും വികസിക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറിൻെറ അച്ചടി ആവശ്യങ്ങൾ പൂർണ്ണമായും നിറവേററാൻ തക്കവണ്ണം ഈ ഡിപ്പാർട്ടുമെൻറിനെ വികസിപ്പിക്കാനുള്ള വിവിധ പദ്ധതികൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്. ഇവയൊക്കെ ഓരോന്നായി നടപ്പിലാക്കുന്നതോടെ ഗവൺമെൻറു പ്രസ്സുകളുടെ ഘടനയിലും, പ്രവർത്തന മേഖലകളിലും പുരോഗമനോൻമുഖമായ വൻപിച്ച പരിവർത്തനങ്ങളും, സർവതോൻമുഖമായ വളർച്ചയും ഉണ്ടാകും. അതിനാൽ കേരളത്തിലെ മുദ്രണവകുപ്പിന് സുശോഭനമായ ഒരു ഭാവിയാണുള്ളത്.

---

*Printed and Published by P. Kurian John,*
*Superintendent of Government Presses, Kerala,*
*at the Government Press, Trivandrum,*
1972



*Automatic Flowline Feeder Binding Machine*



*Automatic Flowline Feeder Binding Machine*